(ബി) സ്പോർട്സ് കോട്ടയിൽ ജോലിയിൽ പ്രവേശിച്ചവർക്കുമാത്രം പ്രമോഷൻ നൽകിയ ഈ നടപടി ഏത് ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) 1995 മുതൽ ഓഫീസ് അറ്റൻഡർമാരായി സേവനമനുഷ്ഠിക്കുന്നവരുടെ സീനിയോറിറ്റി മറികടന്നുകൊണ്ട് 2000-ാമാണ്ടിൽ സ്പോർട്സ് കോട്ടയിൽ പ്രവേശനം നൽകിയവർക്കുവരെ ഉദ്യോഗക്കയറ്റം നൽകിയ നടപടി പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഓഫീസ് അറ്റൻഡർമാരുടെ ഉദ്യോഗക്കയറ്റത്തിന് എലിജിബിലിറ്റി ടെസ്റ്റ് നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള തീരുമാനം ബോർഡ് കൈക്കൊണ്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പി.എസ്.സി. ഇതിനുള്ള നടപടികൾ നടത്തിയിട്ടുണ്ടോ;

(എഫ്) ഒരേ ഓഫീസിൽ ഒരേ തസ്തികയിൽ ജോലിചെയ്യുന്ന ഒരു വിഭാഗത്തിന് പ്രത്യേക ആനുകൂല്യം നൽകുവാനുള്ള നടപടി ഏതടിസ്ഥാനത്തിലാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 44.

(ബി)—(എഫ്) കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയം കണക്കിലെടുത്താണ് ഈ നടപടി. ഓഫീസ് അറ്റൻഡർമാരുടെ ഉദ്യോഗക്കയറ്റത്തിന് എലിജിബിലിറ്റി ടെസ്റ്റ് നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റം നൽകാനുള്ള തീരുമാനം ബോർഡ് കൈക്കൊണ്ടിട്ടുണ്ട്. അതിനുള്ള നടപടി പി.എസ്.സി. സ്വീകരിച്ചിട്ടുമുണ്ട്.

വൈദ്യുതി ബോർഡിൽ ആശ്രിതർക്ക് നിയമനം

54 [2804]*ശ്രീ. സാജു പോൾ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ബോർഡിൽ ജോലിയിലിരിക്കെ മരിച്ചവരുടെയോ അനാരോഗ്യത്താൽ സ്വയം വിരമിച്ചവരുടെയോ ആശ്രിതർക്ക് നിയമനം ലഭിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര അപേക്ഷകരെ നിയമിച്ചു;

(സി) ബാക്കി അപേക്ഷകർക്ക് നിയമനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) അനാരോഗ്യംമൂലം വിരമിച്ചവരുടെ ആശ്രിതർക്ക് നിയമനം ലഭിക്കുന്നതിന്റെ നടപടികൾ വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 569 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ശേഖരിച്ച് നൽകുന്നതാണ്.

(ബി) 481 പേരെ നിയമിച്ചിട്ടുണ്ട്.

(സി) ബാക്കിയുള്ള 88 അപേക്ഷകളിൽ 10 എണ്ണം നിലവിലുള്ള നിയമമനുസരിച്ച് അർഹതയില്ലാത്തതിനാൽ നിരസിച്ചിട്ടുണ്ട്. 49 അപേക്ഷകളുടെ പൂർണ്ണ രേഖകൾ സമർപ്പിച്ചിട്ടില്ല. ബാക്കി 29 എണ്ണം നിയമനത്തിന് ബോർഡ് ഉത്തരവ് നൽകിയിട്ടുണ്ട്. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) അനാരോഗ്യംമൂലം വിരമിച്ചവരുടെ ആശ്രിതനിയമനം സംബന്ധിച്ച് വ്യാപകമായ പരാതിയുണ്ടായതിനാൽ ഇക്കാര്യം വിശദമായി പരിശോധിക്കേണ്ടിയിരിക്കുന്നതിനാലാണ് നടപടികൾ വൈകുന്നത്.

സിവിൽ സപ്ലൈസ് കോർപ്പറേഷന് സ്വന്തമായുള്ള ഗോഡൗണുകൾ

55 [2805] *ശ്രീ. എ. എൻ. രാജൻ ബാബു*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് സ്വന്തമായി എത്ര ഗോഡൗണുകൾ ഉണ്ട്;

(ബി) ആവശ്യമായ സ്ഥലങ്ങളിൽ പുതുതായി ഗോഡൗണുകൾ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അവ ഏതൊക്കെ സ്ഥലങ്ങളിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അഞ്ച് ഗോഡൗണുകൾ.

(ബി) ഉണ്ട്.

(സി) കോട്ടയം, കൊല്ലം, കരുനാഗപ്പള്ളി, തലശ്ശേരി എന്നീ സ്ഥലങ്ങളിൽ ഗോഡൗൺ ഉൾപ്പെടെ വാണിജ്യസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

GPM. 2/587/2012.—13

LIBRARY ARCHIVES Kerala Legislative Assembly